# QWERTY

THE FORWARD SEEKING




**MKHMMO VHSS FOR GIRLS**
**MUKKAM**

In the name of god

the benifecient the merciful

prays be to god

the lord of the world

most gracious the cambatienet

thou are the master of judgement day

thee do we worship

and to that straight path

the path of those

whom them has favoured

not of those who have thei angered


not of those have gone astray.

# Editorial board

**Ayisha Liya**



**Faiha Thahani**



sub editors: -

- **Ashmitha.P**
- **Dhana Yoosuf**
- **Fathima anshi**
- **Shahana Fathima**
- **Nadhi A.S**
- **Farsana Febin**

# ആമുഖം

പുതിയ കാലത്ത് മാറിയ ലോകത്ത് വിദ്യാർത്ഥികളുടെ സർഗരചനകൾ പ്രദർശിപ്പിക്കാൻ ടിജിറ്റൽ ടെക്നോളജി ഉപടോഗപ്പെടുത്തി തയ്യാറാക്കിയ മാഗസിനാണ് **'QWERTY'** പ്രിന്റിംഗ് രീതികളിൽ നിന്നും മാറി ഈ മാഗസിൻ പൂർണ്ണമായും ഡിജിറ്റൽ രൂപത്തിലാണ് തയ്യാറാക്കിയത്. ഞങ്ങളുടെ രചനകളും പേജ് ഡിസൈനുകളും എല്ലാം നിങ്ങൾക്ക് ഇഷ്ടപ്പെടുമെന്ന് കരുതുന്നു

**-Editorial board`**

# ആശംസകൾ

**P.ABDU**

ഈ വിദ്യാലയത്തിൽ "ലിറ്റിൽ കൈറ്റ്" ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ ഈ മാഗസിന്ന് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു.ഐട്ടി മേഖലയിൽ താത്പര്യം ജനിപ്പിക്കുവാനും, പഠനത്തിൽ സാങ്കേദിക വിദ്യ വളർത്തി കൊണ്ടു വരാനും ഈ ഉദ്യമം സഹായകമാകട്ടെ എന്ന് ആശംസിക്കുന്നു. മാഗസിന്റെ അണിയറയിൽ പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥിനികൾക്കും, നേത്രത്വം നൽകിയ അധ്യപികമാർക്കും ഭാവുകങ്ങൾ.

# ആശംസകൾ



v.kunjan master

Mukkam municiple chairman

M k h m m o V h s s for Girls ലിറ്റിൽ കൈറ്റ്സ്
വിദ്യാർത്ഥികൾ ഒരുക്കുന്ന "QWERTY" ഡിജിറ്റൽ
മാഗസിൻ വിദ്യാർത്ഥികളുടെ ക്രിയാത്മക ഇടപെടലിന്റെ
മികച്ച ഉദാഹരണമാകട്ടെ....
എല്ലാവിധ ഭാവുകങ്ങളും നേരുന്നു...

# ആശംസകൾ



**Noushad chembra**

PTA president

ഇന്ന് അനന്തമായ സാധ്യതയുള്ള ഒരു മേഖലയാണ് ഇൻഫോർമേഷൻ ടെക്നോളജി (IT ) മേഖല മനുഷ്യ സമൂഹത്തിന് ഒഴിച്ച് കൂടാൻ പറ്റാത്തതാണ് കമ്പ്യൂട്ടറിന്റെയും , മൊബൈൽഫോണിന്റെയും വരവോടു കൂടി ലോകത്ത് വിപ്ലവകരമായ മാറ്റമാണ് നടന്നിട്ടുള്ളത്. ലോകത്തിന്റെ ഏതു കോണിലുള്ളവരെയും നമ്മുടെ വീട്ടിലിരുന്ന് കാണാനും , സംസാരിക്കാനും കഴിയുക എന്നുള്ളത് കുറച്ചു വർഷങ്ങൾക്കു മുമ്പ് വിശ്വസിക്കാൻ പാട്ടെത്തതായിരുന്നു. എന്നാൽ ഇന്ന് നമ്മൾ അനുഭവിക്കുകയും ആസ്വദിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ഒരു രാജ്യത്തിന്റെ പുരോഗതിക്ക് ഏറ്റവും അനിവാര്യമാണ് IT പക്ഷെ ഇപ്പോഴും IT മേഖലയിൽ വിദഗ്ധരായ ഉദ്യോഗാർത്ഥികളെ കിട്ടാൻ വേണ്ടി പല മൾട്ടി നാഷണൽ പോലും അന്വേഷിച്ചു കൊണ്ടിരിക്കുകയാണ് വരും കാലങ്ങളിലും IT ക്ക് വൻ സാധ്യതയാണ് ലോകം തുറന്നിട്ടിരിക്കുന്നത് ഈ സാദ്ധ്യതകൾ മുന്നിൽ കണ്ടുകൊണ്ട് തന്നെ സ്കൂൾ തലം മുതൽ തന്നെ ഇതിന് വേണ്ടി വിദ്യാർഥികൾ പരിശ്രമിക്കണം എന്നാണ് ഈ


QWERTY

അവസരത്തിൽ എനിക്ക് നിങ്ങളോട് ഓർമപ്പെടുത്താനുള്ളത്.

എല്ലാവര്ക്കും നല്ലൊരു ഭാവി ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.

അതോടൊപ്പം

ഈ മാഗസിനും എല്ലാവിധ ആശംസകളും അറിയിക്കുന്നു.



The great father of our institution

# MOIDEEN KOYA HAJI



HEAD MASTER
P.ABDU sir

Kite mistress:-



SALEENA



SAJLA



Senior assistant
MEERA BAI



Health department
SHAMILA



Staff secretary
RASHEED



JRC captain
KADEEJA



Vijayotsavam convener
HARSHAL



Physical trainer
LISY MATHEW



SITC
ISMAIL P.K



SUHANA



NASEERA



PRAVEENA

GUIDES CAPTAINS






LITTLE KITE MEMBERS

2019-20

# INDEX

## INDEX

CONTENTS....14
CONTENTS....14
CONTENTS....14
IN DREAMS OF A DEVELOPED INDIAN....15
THE MIRACLES OF NATURE....17
Raindrops....19
SONG FOR YOU....24
A DREAM....26
THE NATURE WAS....27
MIRACLES ON TECHNOLOGY....28
THE MOMENT HAS COME....30
MOM....32
YOU THE SOLDIERS....33
EMPOWERMENT....34
STRANGERS....36
FREE BIRD....37
സഹനം....39
ഏട്ടൻ....42
ദൈവത്തിന്റെ കൈയ്യൊപ്പ്....46
കയർ....49
ചിലങ്ക....52
നിറങ്ങൾ....53
വിടവാങ്ങാത്ത കാത്തിരിപ്പ്....55
തന്റേടം....56
നീറ്റില പോളക്കു തുല്യമാം ജീവിതം....58
അത്യാഗ്രഹം....61
നൊമ്പരപ്പൂക്കൾ....63
അവൻ....65
അൾഷിമേഴ്സ്....66
ഇഷ്ടകാലം....68
കർഷകൻ....71
പവിഴ മുത്ത്....72
മാതൃകാപരമായ വിദ്യാർത്ഥി....74
ഇരുവഴഞ്ഞിയുടെ തീരത്ത്....77

## QWERTY


द्वीप....83
माँ....85
तारे....86
मॆरा पयार....88
يا غفلان!!!....91
الاَسْئِلَة....92
اردو....93
ميرااستاد....95

**Article**

# IN DREAMS OF A DEVELOPED INDIAN



Love for ones motherland is natural and instinctive. Everyone wants their country at the top of glory success and development.

In my view India is the best democratic country in the world but it is not a credit when we Indians doesn't value democracy.

So,in my dream Indian should obey as well as respect the democratic rules and regulations"India must stand up to the world"our former president A.P.J Abdul kalam said these words. It is the dream of every Indians including me.

Youth is the strength,so as the new generation it is our duty to build up a perfect India ,not through dialogues but through actions. so,work for nation to fulfill every Indian's dream.



Hisana Fathima.N
X A

**Article**

# THE MIRACLES OF NATURE

Nature! Nature! So lush and green, the wonder of wonder anyone has seen so cool.

calm and full of life makes us all. our strife thinks of a forest full of trees .

Fluttering and dancing in the breeze cut them down and construct towers wait for age us to get a shower.

QWERTY

The birds that sour high in the sky can we imitate them .however had we try learn to wonder and gape at things  and see the happiness it brings.

We have got such wonderful things do what you can and save a wing so that our children in future can see the things we have natured.



Ramla Keelath

X E

**STORY**

# Raindrops

"oh,my god..not again"said Raju by looking to the non-stopping rain.

"Mummy..mummy.." Raju called loudly. His mother said angrily:

"Don't scream Raju let me cook breakfast for you..."

"Mummy,its been a long time I am waiting for breakfast"Raju said.

"Be patient"His mother said.

Raju was cursing rain as he cannot play with his friends since its raining.

His mother brought breakfast for him to the dining hall. He was still observing the rain. His mother called his name aloud:

"Raju....Raju...Come on dear....the breakfast is ready and its on the table....Come and eat it".

Raju was lost in his dreams. He was awaken by a strong wind. Suddenly he got up and went to dining hall.

He started eating breakfast,it was dosa.

His grandmother came to the hall, and sat beside him. He said:

"Mummy...dosa tastes good..you are such a good cook..proud of you mummy".

His mother said:

"the dosa tastes as good as usual..you haven't said any good words of my cooking...there should be a reason for your good words".

Suddenly his grandmother smiled and asked him:

"Raju,dear,What do you want?I know that you are in need of something and that you are pleasing your mother for it..don't you?".

Raju said:

"Grandma,Today Me and two of my friends,Ram and John,have planned to go to the river near,Let me go grandma?"

Grandmother said:

“Raju, as its raining so heavily,don't go to the river”.

His mother filled it “you can go to the river with your friends on some other day”.

It was time for lunch,the rain was even stronger than before. “Raju...Raju.....”called Ram. Raju came to the sit out. “Aren't you coming to the river?”asked Ram.

“No”replied Raju.”My mother didn't allow me...you guys go and enjoy”.

John asked him”are you sure?”.

Raju said unwillingly”yeah,”.

Raju looked at them going,he was so sad.

After declaring one month leave,Raju is been at home these boring days.Raju said himself “Every one has gone....Only I am sitting at home....its really boring”.

In evening,Raju went to shop for buying some accessories and He met little anna on the way. He returned to home. He again sat in sit out.

He saw someone was coming towards his home and later he understood it was his neighbour, radhika sister and also she is Ram's mother. Her face looked pale and also she was panting.

“Ram...Ram and John....” she weeped.

His mother came to sit out and asked radhika about her sadness.

Radhika sister said

“Ram and John..Today....they went to....river...and...Ram slipped to the depth of river...John tried to help Ram and he too got slipped...John is taken to hospital...”

She cried so hardly.

Raju got shocked by hearing this news. In that minute he thought about the happiest moments they spent together. He suddenly asked:

“What about Ramu?”.”The police squad are still searching for his body...”.

Raju's mother helped Radhika sister to wipe out her sadness. Raju said himself :

“If I have gone with them to river may I.....”without completing it,He suddenly ran to his mother and hugged tightly. He recalled the proverb “at first, Elder’s words and gooseberry will be bitter,later that will turn to sweet”.

Hisana Fathima

**POEM**

# SONG FOR YOU

Good friends are angels
that god send along
they always stay beside you
whenever things go wrong.

I’m really glad that god blessed me
with a good friend such as you
always I remember the beautiful
moment we spent together.

We share our happiness and sorrows
we enjoyed our life in a magical-
wood - there we were alone
we live like a free bird and
flew over the sky.

But when we came out from our-
life in a magical wood,
there we were alone.
we lived like a free bird
and flew over the sky.

But when we came out from-
our magical wood, no one for us
but we support each other
then we reach high.

QWERTY

I was always behind you
you loved and cared me a lot
when ever you are with me
the whole world is with me

i was always behind you
and you was always behind me
to push me to the success.

For me nothing is greater than you.
So please never turn away from me
i can’t bear to be apart
all the pain and suffering
will be too much for my heart.

You are my best friend
the one who brightens my day
the one who is there to stay
with me forever.

Ashmitha.P
IX A



**POEM**

# A DREAM

I have a dream that one day
the people will love me
I have a dream that one day
the people will trust me
I have a dream that one day
I will be a trusted woman
I have a dream that one day
I will be a lovable woman
but I have a dream, the real dream
that, all my dream should come
true without any hard work

but I know it's just a dream!!!

**fidha fathima tk**
**IX B**



# THE NATURE WAS...

The beauty of world WAS speechless.
The world WAS divine.
The sphere WAS seraphic.
The earth WAS ethereal.
It is only 'WAS'.
If it were 'IS'.
It wouldn't be a disaster.
Now
the beauty is only a little.
The greenery is rare.
The world is threatened by our mistakes.
We are only the accountable souls.
We should have done something for the youngsters.
At least,
OXYGEN!!!

FAIHA THAHANI
IX A



**POEM**

# MIRACLES ON TECHNOLOGY

**Sounds is a magical gift**
**ear is a blessed gift,**
**each day technology grows**
**magical gift of god also grows.**

**The growing world brings**
**headphones,speakers,headsets;**
**headphones and head sets**
**we used as keeping on**
**near to our ear.**

**But the great speaker**
**change everything it changes**
**it never needs near to us**
**it helps the lazy people more.**

**Speaker,only a 3 or 4 inches**
**but it hold a whole area**
**with its small body**

**but it teaches a lesson.**

**Teaches no difference in**
**weather small or big**
**poor or rich...**
**may be the smallest**
**or poor one can**
**hold the whole earth.**

**So the small speaker**
**with eyes and tail**
**is not a simple thing.**
**Its a thing to make**
**people super thrilled,**
**helping to forget**
**the negative soul**

HIBA FATHIMA
IX A

**POEM**

# THE MOMENT HAS COME

Wake up,
the moment has come!
it's time to show
what you are gonna be.

Never think what
will be the out come
just do your best
that's all the rest.

Be ready to struggle
and not to give up
think of positive
and not of negative.

Wake up
the moment has come!

It's all in your
determination
And not in your

QWERTY

despiration,

Just find your inner
ability
and ready with your
stability
God has made everyone
special
and not any one
defacial

It's the inner you
which determines
whom you are.

Wake up
the moment has come.

AYISHA LIYA

IX A



**POEM**

# MOM




Mom is such
a special word
the loveliest
I've ever heard

A toast to you
above all the rest
mom you are so special
you are simply
the best

**POEM**

# YOU THE SOLDIERS



**You are heart of our country**
**You are the strong men**
**stand stills in our sleeps;**
**You are the nobility of our country**
**country without you are as**
**men without heart.**

**You will be a dad or a brother**
**but real warrior for us,**
**You sweet sweat can be**
**an energy drink for us.**

**You cares our life**
**without caring your,**
**We know bullet spread your blood**
**is for our safety**
**You are immeasurable sacrifices;**
**That much you are.**

k8238451 www.fotosearch.com

FATHIMA NOURIN
IX A

QWERTY




**POEM**

# EMPOWERMENT

Oh the beauty
just rise up
it’s been so long
hiding beneath
those folks.

You aren’t born to
be spouse or luscious
but you are the
miracle creator
the only one and all.



You aren’t a carpet
which is to be
stabbed and damped,
but you’ve to be
appreciated
for all those
segregations.

QWERTY

~~~~~~~~~~~~~~~~~~~~~

She hid her tears
with a big smiling face
she caged her dreams
to pursue others screams

are we just
born for that?

so the beauty
just rise up ,
it’s been so long
hiding beneath
those folks.

AYISHA LIYA
IX A


~~~~~~~~~~~~~~~~~~~~~

POEM

# STRANGERS

On those days
in those folks
i saw a fire fly.
He came up to me
with a sneering face.

I was in an umbrella
of shyness
with a witherly world
of dryness.
He adorned my life
with those meraki times.

Later we came up to
something which
called FRIENDS.

The moons went
the leaves fell,
our lips set closed
our pens get rusted.
We were just
migrating birds.

Later we came up to

QWERTY

something which
spelled STRANGERS.

Ayisha liya

**POEM**

# FREE BIRD

I woke up when
sun touch me
i looked out
the window,
i saw the reddish
face of sun
behind me reddish
face of Mom.

I ran around Mom
as earth revolving sun
and i went to brush
half sleepy.



My mom called me
koala or armodile
i ate while
hearing the coel
dreaming one day
i will be like birds
flying and flying.

Above peaks

QWERTY

close to lakes
culture and traditions
of our half.

HIBA FATHIMA
IX A



**കഥ**

# സഹനം

പാൽക്കാരൻ മാധവേട്ടനാണ് ആദ്യം വിവരം പറഞ്ഞത്. പത്രക്കരനും അതുതന്നെയാണ് പറഞ്ഞത്. ഇരുവഴിഞ്ഞി യുവതിയായ ഭ്രാന്തിയാണത്രെ. കേട്ടപ്പോൾ വിശ്വസിക്കാനേ കഴിഞ്ഞില്ല. അവൾ അങ്ങനെയൊന്നുമായിരുന്നില്ലല്ലോ?

സുന്ദരനായ വെള്ളരി മലയുടെ ഓമനപുത്രി. കാലിൽ കൊലുസണിഞ്ഞ് പാവാടത്തുമ്പ് നിലത്തുരച്ച് മന്ദഹാസത്തോടെ നടക്കുന്ന ഒരു കൊച്ചു സുന്ദരി. അച്ഛന്റെയും മറ്റ് സഹോദരങ്ങളുടെയും ലാളനയേറ്റ്കു സൃതിയും സന്തോഷവും ഇടലർന്ന ബാല്യം. അപ്പോഴും അവർക്ക് കൂട്ട് .മഴ തന്റെ മക്കളുടെ കുഞ്ഞികാൽ വളരുന്നതും കുഞ്ഞി കൈവളരുന്നും കാത്ത് വെള്ളെരി മല എത്ര സന്തോഷിച്ചിരിക്കും ജാതി-മത കെട്ടുകളുടെ ചങ്ങല അവർ എത്ര വട്ടം തകർത്തു കളഞ്ഞിരിക്കുംന്നു. ഓണത്തിന് സദ്യയുണ്ടും പെരുന്നാളിന്ന് മൈലാഞ്ചിയിട്ടും ക്രിസ്മസിന് കേക്ക് മുറിച്ചും സന്തോഷങ്ങളിൽ എത്രയോ

തവണ പങ്കുചേർന്നിരിക്കുന്നു. എത്രയെത്ര പ്രണയങ്ങൾ അവളെ സാക്ഷിയാക്കി പൂവിട്ടിരിക്കുന്നു. എത്രയോ സന്ദേശങ്ങൾ അറബി കടലിവനൾ കൈമാറി.

പെട്ടെന്നായിരുന്നല്ലോ അവളുടെ വളർച്ച വളരുന്നതിനനുസരിച്ച് മനുഷ്യന് അവളോടുള്ള കാഴ്ചപ്പാടും മാറി. അച്ഛനായ വെള്ളരി മലയെ ഒഴിച്ച് അവളുടെ സഹോദരങ്ങളെ ഒക്കെ അവർ കൊന്നുകളഞ്ഞില്ലേ....... എന്നിട്ടോ....അവളെ വെറുതെ വിട്ടോ. യന്ത്രകൈകൾ കൊണ്ട് അവളുടെ  മാറിടം കീറി മുറിച്ചു. മണലെല്ലാം ഊറ്റി അവളെ ജീവച്ചവമാക്കി. എന്നിട്ടും അവർക്ക് തീർന്നോ? അറവ് മാലിന്യം കൊണ്ട് ഒന്ന് ശ്വാസമെടുക്കാൻ പോലും അവളെ അനുവധിച്ചില്ല അറബിക്കടലിലേക്കുള്ള വഴി പോലും അവർ തടഞ്ഞില്ലേ? ഒരു പെണ്ണിന് ഇത്രയൊക്കെയല്ലേ സഹിക്കാൻ കഴിയൂ.

അതെ അവളിപ്പോൾ പ്രതികാരദാഹിയായി രുദ്രഭാവം പൂണ്ടിരിക്കുന്നു. അറബിക്കടലിലേക്ക് അവൾ ക്കെത്തിയേ തീരൂ..... യന്ത്രകൈകൾ കൂടെയുണ്ടെങ്കിൽ എന്തുമാവാം എന്നഹങ്കരിച്ചു നടക്കുന്ന മനുഷ്യൻ ഇന്നവളെ കണ്ട് പേടിച്ച് പാലായനം ചെയ്യുന്നു .

QWERTY

നിരാലംബരായ വൃദ്ധരുടേയും കുട്ടികളുടെയും കരച്ചിൽ കേട്ട് മനസ്സ് ഉരുകുന്നുണ്ട്. എങ്കിലും തന്നെ കാത്തുനിൽക്കുന്ന അറബിക്കടലിനടുത്ത് അവൾക്കെത്തിയേ തീരൂ മേഘം അയച്ച ദൂതനായ മഴ അവളോട് എന്തോ സ്വകാര്യം പറഞ്ഞിട്ടുണ്ടെന്ന് തോന്നുന്ന ആകാശവും ഇതെല്ലാം കാണുന്നുണ്ടായിരുന്നു.

ഞാനും പോയിരുന്നരുന്നു അവളേ കാണാൻ . ഒരു വട്ടമേ നോക്കിയുള്ളൂ.കണ്ണിൽ ജ്വലിക്കുന്ന അഗ്നിയുണ്ടെങ്കിലും നിസ്സഹയതയുടെ വിഴപ്പ് അവൾ താങ്ങുന്നുണ്ടെന്ന് തോന്നും.

കൂട്ടുകാരീ നിന്റെ കൂടെ ഞാനുമുണ്ട്. എന്തിരുന്നാലും ഞങ്ങൾ ഇതെല്ലാം ഏറ്റു വാങ്ങാൻ ബാധ്യസ്ഥരാണല്ലോ.....മാപ്പ്......ഒരായിരം വട്ടം മാപ്പ്........

NADHI AS
IX B

**കഥ**

# ഏട്ടൻ

മലയാറ്റൂർ എന്ന ഗ്രാമത്തിലെ ഒരു കൊച്ചു വീട്ടിലാണ് നമ്മുടെ രാജുവും,അമ്മുവും താമസിക്കുന്നത്.ചെറുപ്പത്തിൽ തന്നെ അമ്മയും,അച്ചനും നഷ്ട്ടപ്പെട്ടിരുന്നു, രാജുവിനും, അമ്മുവിനും.രാജുവിനു കൂട്ടായി അമ്മുവും,അമ്മുവിനു കൂട്ടായി രാജുവും മാത്രമായിരുന്നു ഉണ്ടായിരുന്നത്.

രാജുവിൻ ഒരേ ഒരു ആഗ്രഹം മാത്രമായിരുന്നു തനിക്ക് കിട്ടാതെ പോയ ഡോക്റ്റർ ജോലി അമ്മുവിൻ നേടി കൊടുക്കണമെന്ന്.അവൻ കഠിനാധ്വാനം ചെയ്യുന്നതെല്ലാം അവൾക്കു മാത്രമായിരുന്നു.അവന്റെ പോരായ്മ്കളെല്ലാം ഒളിച്ച് അവളെ അതൊന്നും അറിയിക്കാതെയാണ് വളർത്തിയത് . അവൻ പ്രാധാന്യം നൽകേണ്ടതെല്ലാം അവളെയോർത്ത് അവൻ പതിയെ മറന്നുകൊണ്ടിരുന്നു.

അവൻ ജോലി ചെയ്തുണ്ടാക്കിയ പണം സ്വരൂപിച്ച് അവളെ പഠിപ്പിച്ചു. പിന്നെ ഉന്നതവിദ്യാഭ്യാസത്തിനുള്ള അവസരം കിട്ടിയ അമ്മു പട്ടണത്തിലേക്ക് പോയി. അപ്പോൾ രാജുവിന്ന് ഓർക്കാൻ കുഞ്ഞുനാളിൽ അവൻ വാങ്ങിക്കൊടുത്ത കുഞ്ഞുടുപ്പുണ്ടായിരുന്നു. അവളോട് അവനിലുള്ള സ്നേഹവും വാത്സല്യവും ആ കുഞ്ഞുടുപ്പിനോടായിരുന്നു അവൻ കാണിക്കാറുള്ളത്.

അവൻ അവളോട് അതിസന്തോഷങ്ങൾ പങ്കുവക്കുന്ന സമയങ്ങളിലെല്ലാം  അവന് ചെറുതായിട്ട് ഒരു തലകറക്കം അനുഭവപ്പെടാറുണ്ടായിരുന്നു. അതിൽ നിന്ന് ആശ്വാസമേകാൻ അവന്റെ കയ്യിലുള്ള തലവേദനയുടെ മരുന്ന് കഴിക്കലാണ് പതിവ്.

ഒരു ദിവസം അവൻ ഉമ്മറത്തുള്ള തെങ്ങിന് തടം ഇട്ട് കൊട്ടുക്കുമ്പോൾ അവൻ തല കറങ്ങി വീഴുകയുണ്ടായി.  അപ്പോൾ ശക്തമായ മഴ പെയ്തു. അപ്പുറത്തെ വീട്ടിലെ രമണിച്ചേച്ചി തുണി എടുക്കാൻ പോയപ്പോയാണ് ഈ രംഗം കാണുന്നത്. രമണി പോയി അവളുടെ ഭർത്താവിനെയും കൂട്ടി രാജുവിന്റെ അടുക്കൽ ചെന്നു .

അവനെ ആശുപത്രിയിൽ എത്തിച്ചു. മഴയത്ത് തലകറങ്ങിവീണ രാജുവിന്റെ ദേഹം ദയനീയമായിരുന്നു. മൂക്കിൽ നിന്നും മതിവരാതെ രക്തം സ്രവിക്കുന്നുണ്ടായിരുന്നു. നാഡീസ്പന്ദനം ഇല്ലായിരുന്നു. കാൽകൈകളെല്ലാം ഉറച്ച മട്ടിൽ .

ആശുപത്രിയിൽ നിന്ന് രമണിച്ചേച്ചി അമ്മുവിനെ വിവരം അറിയിച്ചു. ഇതറിഞ്ഞ അമ്മു പെട്ടെന്നു തന്നെ ആശുപത്രിയിൽ എത്തി. അവൾ രമണിച്ചേച്ചിയോട് ചോദിച്ചു

"എന്താണെന്റെ ഏട്ടനു സംഭവിച്ചത്" രമണിച്ചേച്ചി അവളെ നോക്കി, അപ്പോൾ  അവൾ ആകെ കിതച്ച മട്ടിലായിരുന്നു. എന്നിട്ട് രമണിച്ചേച്ചി അവളുടെ മുഖത്തേക്ക് നോക്കി വിങ്ങിപ്പൊട്ടി. രമണിച്ചേച്ചിയുടെ മൗനം അവളെ തളർത്തി.

അപ്പോഴാണ്  'ഐ.സി.യു'യുടെ കതക് തുറക്കുന്നത് അത് ഡോക്ടറായിരുന്നു. അവൾ ഡോക്ടറുടെ

അടുത്തേക്ക് ഓടിച്ചെന്നു. എന്നിട്ട് ഡോക്ടറുടെ കൈപിടിച്ച് ചോദിച്ചു:

"എന്താണെന്റെ ഏട്ടനു സംഭവിച്ചത്"

ഡോക്ടർ അവളുടെ കൈ ചേർത്തു പിടിച്ചു പറഞ്ഞു "സോറി നിന്റെ ഏട്ടനെ എനിക്കു രക്ഷിക്കാൻ കഴിഞ്ഞില്ല "

ഇതു കേട്ട അവൾ മദം പൊട്ടിയ മൃഗങ്ങളുടെ വന്യമായ നോട്ടം ഡോക്ടറുടെ നേർക്ക് നോക്കി.

ഡോക്ടർ പറഞ്ഞു"വിഷമിക്കരുത് അയാൾക്ക് ബ്ലഡ്ഡ് കാൻസർ ആയിരുന്നു, ഇതറിഞ്ഞ ഉടനെ നേരത്തെ അയാൾക്കുള്ള ട്രീറ്റ്മെന്റുകൾ നമുക്ക് ചെയ്യാമായിരുന്നു, അതുമല്ല തലകറങ്ങി വീണ സമയത്ത് രക്തം ഒരുപാട് നഷ്ടപ്പെട്ടിരുന്നു, അയാളെ നേരത്തെ ഇവിടെ എത്തിച്ചിരുന്നെങ്കിൽ... "

എന്നു പറയലും അവളുടെ തളർന്നു വീണ മുഖത്തേക്ക് നോക്കി ഡോക്ടർ പോയി.

അവൾക്ക് ഏട്ടൻ മരണക്കിടക്കയിൽ കിടക്കുന്നത് കാണാൻ സാധിക്കില്ലായിരുന്നു.

'ഐ.സി.യു'യുടെ കതക് തുറന്ന് അവൾ അവളുടെ ഏട്ടന്റെ അടുത്തേക്ക് ചെന്നു.

അവൾക്ക് ഡോക്ടേറ്ററിൽ ഒന്നാം റാങ്ക് കൂടി പാസായപ്പോൾ കിട്ടിയ മെഡലും സർട്ടിഫിക്കറ്റും ആ ശരീരത്തിൽ അവൾ അണിയിച്ചു. എന്നിട്ടു അവൾ പറഞ്ഞു:

"ഏട്ടന്റെ ആഗ്രഹം ഞാൻ സാധിച്ചു തന്നില്ലേ, അപ്പോഴേക്കും ഇതൊന്നും കാണാതെ പോയ്ക്കളഞ്ഞില്ലേ...."

രമണിച്ചേച്ചി അവളെ പുറത്തു കൊണ്ടുപോയി സമാധാനിപ്പിച്ചു.

**കഥ**

# ദൈവത്തിന്റെ കൈയ്യൊപ്പ്

“മഴ അതി ശക്തം അഞ്ച് ജില്ലകളിൽ റെഡ് അലേർട്ട്''. രാവിലെ തന്നെ ആരോ പത്രം വായിക്കുന്നതായി കേട്ടതാണ്.പെട്ടന്ന് എന്നിലൂടെ എന്തല്ലാമോ കടന്നു പോയി.ഇല്ല എനിക്ക് വയ്യ, കഴിഞ്ഞ ദുരന്തങ്ങൾ ഓർക്കാനെ വയ്യ.എന്റെ സ്വപ്നങ്ങൾ,എന്റെ സ്വന്തക്കാർ,എല്ലാം നഷ്ടപ്പെട്ട ആ ഒരു നിമിഷം.ഇനിയെന്തിന് ഈ ജീവിതം? ഒരേ ഒരു ലക്ഷ്യം മാത്രം - അമ്മു കുട്ടി , അവൾ മാത്രം.അവളെ എനിക്ക് വളർത്തി വലുതാക്കണം.

“ചേട്ടാ, ഇതെന്താന്ന് നോക്കിയേ-’’ അമ്മു കുട്ടിയായിരുന്നര. അത് കണ്ടപ്പോൾ ഞാൻ ആകെ തളർന്നു പോയി.

“ഇത് നിനക്ക് എവിടെ നിന്ന് കിട്ടി?”

“അപ്പച്ചന്റെ ബൈബിളീന്ന് കിട്ടിയതാ.”

പത്ത് ലക്ഷം രൂപയുടെ ഒപ്പിട്ട ഒരു ചെക്കായിരുന്നു അത്.എന്റെ മനസ്സിൽ പലതും പൊട്ടി മുളച്ചു,വീട്, അമ്മു കുട്ടിയുടെ പഠനം, എനിക്ക ഒരു സ്കൂട്ടർ..

"മകനേ..മകനേ.."

ആ ശബ്ദം കേട്ടപ്പോൾ ഞാനാകെ നടുങ്ങി പോയി.

മുറിയുടെ മൂലയിൽ നിന്ന് അവശനായ ഒരു വ്രദ്ധ സ്ത്രീ കരയുകയാണ്...

"മകനേ..മകനേ.."

പെട്ടെന്ന് എന്റെ അമ്മയെയാണ് എനിക്ക് ഓർമ്മ വന്നത്. എനിക്ക് മറ്റൊന്നും ചെയ്യാൻ കഴിഞ്ഞില്ല.ക്യാമ്പിലെ മറ്റുള്ളവരെല്ലാം അവരവരുടെ ജോലികളിൽ മുഴുകി ഇരിക്കുകയായിരുന്നു.പെട്ടെന്ന് ഞാൻ അവരുടെ അടുത്ത് ചെന്നു.

"മകനേ..മകനേ..എനിക്ക് വിശക്കുന്നു"

അമ്മുക്കുട്ടി ചോർ കൊണ്ടു വന്നു.ഞാൻ ഒരു പിടി ആ അമ്മേടെ വായിൽ വെച്ചു കൊടുത്തു. അപ്പോഴും ആ ചെക്ക് എന്നെ നോക്കി ചിരിക്കുന്നുണ്ടായിരുന്നു.

"ഇതാരാ ചേട്ടാ?"

"ഇത് നമ്മടെ അമ്മയാണ് മോളേ.".

AYISHA LIYA

കഥ

# കയർ

ഇരുണ്ട രാത്രിയായിരുന്നു അത്. ഇരുട്ടിൽ അയാൾക്ക് ഒന്നും തന്നെ കാണാൻ കഴിഞ്ഞില്ല .ആകാശത്തിലെ നക്ഷത്രങ്ങളെ പോലും.

അയാൾ പർവ്വതം കയറുന്നതിനിടയിലാണ് കയറിന്റെ പിടിവിട്ട് താഴേക്ക് വീണത്.അയാൾ മരണത്തെ മുന്നിൽ കണ്ടു. പക്ഷേ വീഴ്ചയിൽ അയാൾക്ക് കയറിന്റെ ഒരറ്റം എങ്ങനെയോ കിട്ടി.അതിൽ ബലമായി പിടിച്ച്, വായുവിൽ തൂങ്ങി ആടി.

ആ അവസ്ഥയിൽ മറ്റൊന്നും ചെയ്യാനുള്ള കരുത്തയാൾക്കില്ലാത്തതിനാൽ അയാൾ ദൈവത്തെ വിളിച്ച് പോയി.

ആ ഇരുട്ടിന്റെ അന്തതയിൽ നിന്നും അയാൾ ആ ശബ്ദം കേട്ടു;

"നിനക്ക് എന്താണ് വേണ്ടത്. ഞാനെന്താണ് ചെയ്യേണ്ടത്."

"എന്നെ രക്ഷിക്ക് ദൈവമേ."

"നീ വിചാരിക്കുന്നുണ്ടോ.. എനിക്ക് നിന്നെ രക്ഷിക്കാൻ കഴിയുമെന്ന്."ദൈവം ചോദിച്ചു.

"തീർച്ചയായും ഞാൻ അങ്ങനെ തന്നെ വിശ്വസിക്കുന്നു."

“എങ്കിൽ നീ പിടിച്ചിരിക്കുന്ന കയറിന്റെ പിടി വിട്ടോളൂ”.

അപ്പോൾ അവിടെ ഒരു നിശബ്ദത പരന്നു.ആ മനുഷ്യൻ താൻ പിടിച്ചിരിക്കുന്ന കയറിലെ പിടിത്തം ഒന്നു കൂടെ ശക്തമാക്കി.

അടുത്ത ദിവസം കയറിൽ തൂങ്ങിയാടി മരിച്ചു കിടക്കുന്ന ഒരു മനുഷ്യനെ പർവ്വതാരോഹണ സംഘം കണ്ടെത്തി.അയാളുടെ കൈ കയറിൽ ചുറ്റി വരിഞ്ഞിരിക്കുകയായിരുന്നു. അയാളുടെ കാലുകൾ നിലത്തു നിന്നും ഒരടി മാത്രം അകലത്തായിരുന്നു.

# ചിലങ്ക

പ്രണയമായിരുന്നെന്നും നിന്നിലെ-
ചിലങ്കയുടെ താളത്തോട്......
നീയണിയുന്ന ചിലങ്കയിലും-
നിൻ നെറുകയിലെ ചന്ദനപൊട്ടിലും....
നീ ഒളിപ്പിച്ച പ്രണയം
നിൻ മൗനമാം രാഗത്തിലും
കുപ്പിവള താളങ്ങൾ-
ചൊല്ലുന്നു പ്രണയം
പാർവ്വതീശന്റെ പാതിയായ്
പാർവ്വതീ...
എൻ പ്രാണനിൽ പാതിയായ്
നീ വരൂ...
കണ്ണുവെയ്ക്കാതെ
തമ്പുരാട്ടീ...

ആദിഷ പി.കെ.

IX B

**കവിത**

# നിറങ്ങൾ

പറയാമോ എത്ര നിറങ്ങളുണ്ടി
ഭൂമിയിൽ ?
ചിരിക്കും കണ്ണീരിനും
സ്നേഹത്തിനും പകക്കും
അട്ടുകകെട്ടി വേർതിരിച്ചവ
കുഞ്ഞുങ്ങൾ മുതൽ
കണ്ടിരുന്നു ഞാൻ
തെല്ലും ലാഞ്ചന പടരാത്ത
ഒരു നിറം
ഉമ്മയുടെ സ്നേഹവും
ഉപ്പയുടെ കരുതലും
എത്ര വഴക്കുകൂടിയാലും
ഒടുകം തൊട്ടുതലോടാൻ വരുന്ന
അനിയനൊപ്പോലയാണ്
ചില നിറങ്ങൾ
ഒഴുകിനൊത്ത് നീന്തുമ്പോൾ
ഇളകാത്ത ഒരിലയാവാൻ തന്നിരുന്നു
ചില നിറമുള്ള വാക്കുകൾ ഏട്ടനും
ചേചി പകർന്നതൊക്കെയും
അനുഭവത്തിന്റെ നിറങ്ങൾ
ഏതു കൊടുങ്കാറ്റിൽപ്പെട്ടുലയുമ്പോഴും
സാരമില്ലൊക്കെയും
നന്നായിടുമെന്നോതുന്ന

QWERTY

കൂട്ടുകാരുടെ നിറങ്ങൾ
എത്ര വിസ്മയം
ക്ലാസ് കഴിഞ്ഞുവരാൻ
വൈകുന്ന നേരമത്രയും
കോലായയിൽ കാത്തിരിക്കുണ്ടാവും
രണ്ട് മുഖങ്ങൾ
വല്ല്യുപ്പ , വല്ല്യുമ്മ
നിറങ്ങളെത്ര മനോഹരങ്ങൾ ?
കലാപം പടരുന്ന
വഴികളിൽ നിറങ്ങൾ
വിതക്കുന്നതെത്ര അതത്ഭുതങ്ങൾ
ത്രാണിയുണ്ടാവണം
നിറങ്ങളേറ്റുവാങ്ങുവാൻ
നല്ല നിറങ്ങൾ ഇരട്ടിച്ചുനൽകുവാനും

dhana yoosuf

IX A



**കവിത**

# വിടവാങ്ങാത്ത കാത്തിരിപ്പ്

മനസ്സിന്റെ ആഴത്തിലെ കാർമേഘക്കൂട്ടങ്ങൾ
കാത്തിരിപ്പിന്റെ അന്ത്യഫലമാകുന്നു
ഓമനക്കുഞ്ഞിൻ കവിൾത്തടമൊന്നു തൊടുവാൻ...
പത്തുമാസത്തിലേറെയായി കാത്തിരിപ്പ്...
ശരീരം യാദനയനുഭവിക്കുന്നുവെങ്കിലും
മനസ്സിൽ വാനം നിറയെ
നക്ഷത്രങ്ങൾ പൂത്തുലയുന്നു.
പിന്നീട് സ്ക്രൂൾബസ് മിഴികളെ
തലോടുന്നതുവരെയായി കാത്തിരിപ്പ്...
അവസാനിച്ചില്ല...
അർധരാത്രിയുടെ അടുത്തെത്തി
കാത്തിരിപ്പ്...
കാത്തിരിപ്പിന് കാരണമുണ്ടായി...
വൃദ്ധസദനത്തിന്റ പടിവാതിൽക്കൽ
മനസ്സിനെ കുളിരണിയിക്കാൻ
അവനെത്തുന്നതിനായി കാത്തിരിപ്പ്...
പിന്നെയും നീണ്ടു...
ശ്മശാനത്തിലേക്കെടുക്കുമ്പോൾ
സംസ്കാരത്തിനെങ്കിലും....
അവൻ വരുമെന്നതിനായി കാത്തിരിപ്പ്...

QWERTY

കാത്തിരിപ്പ് വിടവാങ്ങുന്നില്ല...
എന്തോ...
അതവളുടെ മനസ്സിൽ തറച്ചിരുന്നു...
പ്രാർഥനയായി...
ചടങ്ങുകളായി...
വിട്ടുപിരിയാതെ...

ഫർസാന ഫെബിൻ .ഇ
IX.B



**കവിത**

# തന്റേടം

മുറ്റത്തെ മാവിന്റെ കൊമ്പിലിരിക്കണ
കാക്കമ്മയോടുണ്ണി ചോദിച്ചു
കാക്കേ കാക്കേ കാക്ക കറുമ്പി
ഉണങ്ങിയ കൊമ്പിലിരിക്കരുതേ
കൊമ്പൊടിഞ്ഞങ്ങു നീ വീഴല്ലേ
വിഡ്ഢിത്തമിങ്ങനെ കാട്ടാമോ
കണ്ണുകൾ മെല്ലേയുരുട്ടി കൊണ്ടാ
കാക്കമ്മ പറഞ്ഞു "സാമോദം"

കമ്പൊടിഞ്ഞങ്ങു പോയ്ക്കോട്ടെ
എൻ ചിറകെന്നുടെ വിശ്വാസം
ചിറകുകൾ വീശിപ്പറക്കും ഞാൻ
വേണം കുഞ്ഞേ ആത്മബോധം
ഉണ്ണി പഠിച്ചൊരു സന്ദേശം
തന്നെ തന്നെയറിഞ്ഞീടിൽ
പിന്നെ വരില്ല "ആപത്ത് "

ഫിദ ഫാത്തിമ. ടി. കെ

IX B



# നീറ്റില പോളക്ക തുല്യമാം ജീവിതം.......



ആതിരതേൻ കതിരുകളും മനുഷ്യജീവനും
പ്രകൃതിസാഹസികതയോടൊപ്പം ഒഴുകിപ്പോയി.....
ഒരു നീറ്റില പോളക്ക തുല്യമാം ജീവിതം
ഓർക്കാതെ പോയ മനുഷ്യർ നാം
സമ്പത്ത് മാത്രം!എന്ന ചിന്തയിലധി-
ഷ്ടിതമായ മനുഷ്യർ ഇന്നറിഞ്ഞു.......
സമ്പത്തിനുവേണ്ടി തൻ അമ്മ മാറിൽ ദ്വാര-
മിട്ട ജീവി വർഗം,അത് ആകുലത നിറഞ്ഞ മനുഷ്യർ
എന്തിനിതെല്ലാം എന്നറിഞ്ഞിട്ടും അറിയാത്ത മട്ടിൽ
അവർ ഉള്ളിലൊളിപ്പിച്ച നിന്നു ,....
കള്ളപണം വാരിയെറിഞ്ഞവർ കൊട്ടാരം പണിതു
ഉദ്യോഗസ്ഥൻ പിടിച്ചിട്ടും പണം വാരിയെറിഞ്ഞവര്

QWERTY

പതിയെ പതിയെ കുറ്റത്തിൽ നിന്ന് മുങ്ങിനടന്നു
ഉദ്ദ്യോഗസ്ഥർക്കെല്ലാം പണം മാത്രം മതി.....!
ഇതുമാത്രം പോര ഇനിയും കള്ളപണം വേണം
എന്ന ചിന്തയിലവർ മുന്നോട്ടു നീക്കി
തൻ  ഇരുണ്ട ജീവതം ..............

തന്റെ ജീവിതമൂല്യങ്ങൾ അറിയാതെ,
ഭൂമിയിൽ വേര് തളിർത്തവർ മാനുഷ്യർ
തന്റെ ജീവിത കടമകൾ അറിയാതെ
ആകാശത്ത് വേരം പടർത്താത്തവർ
അത് മാനുഷർ മാത്രമാണ്

തന്റെ മാറിൽ നടക്കുന്ന കാര്യങ്ങളറിഞ്ഞ
ആത്മത്യാ  ശ്രമം  ഊരിവിട്ടു
സാരമില്ലാ താൻ ദു:ഖിക്കുന്നുമില്ല
എന്നോടൊപ്പം എന്റെ മക്കളും അനുഭവിക്കട്ടെ,
നൈരന്തര്യം നടക്കുന്ന വേദനകൾ
ഞാനൊരുപാട് സഹിച്ചു നിന്നു..........
പക്ഷേ വേദന സഹിക്കാനാവാത്ത എൻ-

ശരീരം രക്തം പൊട്ടിച്ച് ചാലൊഴുക്കി..........
കുടെ എൻ മക്കളും ജീവനൊഴുക്കി.........
ഞാൻ പോകുന്നിടം നീ തടസപ്പെടുത്തിയാൽ

QWERTY

നീ പോകുന്നിടം ഞാനും ഇല്ലാതാക്കും
എന്നു ഞാൻ നൈരന്തര്യം പറഞ്ഞു നോക്കി......
പക്ഷെ അദൃശ്യഹസ്തങ്ങൾ മറന്ന-
മനുഷ്യർ ആധുനികതയിലേക്ക് വളർന്നു പൊങ്ങി
ഇങ്ങനെ തുടർന്നാൽ എൻ മാറിടം ഉരുകും
എന്നറിഞ്ഞ ഭൂമി തൻ മക്കളെ
ഇല്ലാതാക്കാൻ തൻ രക്തമൊഴുക്കി.....
സ്വന്തം മാതൃരുചിത്വം മറന്ന മാനുഷ്യർ
ഇതനുഭവിക്കണം,ഇനി വരും തല-
മുറയും പഠിക്കട്ടെ ,മജ്ജയും,മാംസവും
നിറഞ്ഞ ഈ മക്കളെ ഇനിയെന്തി-
നാ ഇവിടെ.......



Nadhi A.S
IX B

**കവിത**

# അത്യാഗ്രഹം

ഏ...മനുഷ്യാ  നീ ഓർക്കുന്നുവോ
നിന്നെ എങ്ങനെയാണ് സൃഷടിച്ചതെന്ന്
നീ എങ്ങനെ ഈ
നിലയിൽഎത്തിയെന്ന്.

കണ്ടവന്റെ ഭണ്ഡാരം
എല്ലാം കൈക്കലാക്കി
പിന്നെ നീട്ടും പിച്ചള ചട്ടിയിൽ
കൈയ്യിട്ടു വാരി.

അച്ഛാ എന്ന് വിളിക്കുന്ന
കുഞ്ഞോമനയെ വരെ
വിറ്റില്ലെ ക്രൂരമായ്
പണത്തിനായ്.

അച്ഛനമ്മമാരുടെ മരണ-
ത്തിനായ് കൊതിപ്പൂ
നിൻ കൈകളിലേക്ക്
സ്വത്തിനെ എഴുതിച്ചേർക്കുവാൻ

കാലനെ ഭയമില്ലാത്ത
കാലമായ് തീരുന്നു

QWERTY

മണ്ണിനടിയിലേക്ക് പോകാ-
നുള്ള നിനക്ക് പിന്നെ
എന്തനിത്ര അത്യാഗ്രഹം
മനുഷ്യാ....

AYISHA LIYA
IX A



**കവിത**

# നൊമ്പരപ്പൂക്കൾ

മാപ്പാക്കണം അമ്മേ മാപ്പാക്കണം,
അറിഞ്ഞില്ല ഞാൻ നിൻ യാദന.
കൂട്ടിലടക്കപ്പെട്ട സ്വപ്നങ്ങളുമായ്
നീയെൻ സ്വപ്നങ്ങളെ വളർത്തിയില്ലെ
സൂര്യനെ ഉണർത്തിയെഴുന്നേൽപ്പിച്ചു-
പിന്നെ നെട്ടോട്ടവും പരക്കം പാച്ചിലുമായ്.



കണ്ടില്ല കേട്ടില്ല
എന്നോരോ
പരാതിക്ക്
നീ ഉമ്മവെച്ചു
ആശ്വസിപ്പിച്ചില്ലേ
മേനിയിലെ ഒരു കുഞ്ഞു രക്ത തുള്ളിക്കുപോലും
നിൻ കണ്ണുകളിൽ ജലധാരയായില്ലെ.

കഴിഞ്ഞില്ല എനിക്കു നിന്നെ സ്നേഹിക്കാൻ-
കഴിഞ്ഞ കാലങ്ങൾ അത്ര ഉണ്ടായിട്ടുപോലും
കാണണം കേൾക്കണം എന്നു നീ പറഞ്ഞിടുമ്പോൾ
കറുപ്പിച്ചു ഞാൻ നിന്നെ നോക്കിയില്ലേ

QWERTY

കാലുകൾ കൈയ്യുകൾ നൊന്തിടുമ്പോൾ
നിന്നെ ഞാൻ അടർത്തി മാറ്റിയില്ലേ.


മാപ്പാക്കണ്ണം അമ്മേ... മാപ്പാക്കണം
യാദനകൾ അറിഞ്ഞത് നിൻ
അവസാന ശ്വാസത്തിൽ മാത്രം.



**കവിത**

# അവൻ

ഒറ്റപ്പെടലിന്റെ വിമൂകതയിൽ നിന്നും
ചിന്നിച്ചിതറിയ തുണ്ടുവാക്കുകൾ
കാത്തുമ്പിൽ പറ്റിനിന്ന ചെളി
മുടിത്തുമ്പിൽ ഒട്ടിനിന്ന എണ്ണ
ഞരമ്പുകളിലെ സ്വപ്നപ്രയാണങ്ങൾ
കവിത ഒരാണാണ് (പെണ്ണുമാവാം)
ഒത്ത തടിയും നീളവും കൈമുതലാക്കിയവൻ
മണ്ണിൽ കിടന്നുരുളുന്നവൻ
കടലിൻ ലയിക്കുന്നവൻ
എന്റെ കൈവെള്ളയിലെ തിളങ്ങുന്ന കറുപ്പ്
ചുണ്ടുകളിലെ അസ്പഷ്ടമായ വാക്ക്
കണ്ണുകളിലെ അഗ്നിയും കെടാത്ത നാളവും
അതവനാണ് 'കവിത'
ഉന്മാദനാളുകളിലെന്നെ മഥിച്ചതും
ഓർമയുടെ ഇത്തിരിവെട്ടങ്ങൾകൊണ്ട
സ്വപ്നാടനം നടത്തിയതും  അവനല്ലോ
അവനെന്നും അക്ഷരങ്ങൾ  കൂട്ടായിരുന്നു
ചിന്നിച്ചിതറിയ തുണ്ടുവാക്കുകൾ
ഞാനവയെ  വരികളായി പെറുക്കിയെടുത്തു
അപ്പോൾ ഞാൻ പ്രണയിക്കുകയായിരുന്നു
എന്റെ മാത്രം കവിതയെ



FAIHA THAHANI

**കവിത**

# അൽഷിമേഴ്സ്



തിരക്കായിരുന്നു എന്നും......
വലുതാകാനുള്ള തിരക്കായിരുന്നു
ബാല്യത്തിൽ
വളർച്ചയെന്നോമനപ്പേരിട്ട്
അതിനെ വിളിച്ചു.
കൂട്ടുകാരെ തോൽപ്പിച്ച്
ഒന്നാമതെത്തിയപ്പോൾ
മിടുക്കനെന്ന ഓമനപ്പേരിൽ
അഭിമാനം കൊണ്ടു.
മത്സരബുദ്ധിയോടെ
ഉന്നതജോലിയിലെത്തിയപ്പോൾ
പ്രതിഭയെന്ന ഓമനപ്പേര്
ആരോ ചാർത്തി.
അച്ഛനമ്മമാരേയും

QWERTY

ക്കുടപ്പിറപ്പുകളേയും
കണ്ടില്ലെന്ന് നടിച്ചപ്പോൾ
ജീവിക്കാനുള്ള നെട്ടോട്ടം
എന്നതിനെ പേരുമാറ്റി.
സ്വന്തം
നേട്ടത്തിനായി മാത്രം
ജീവിച്ച കാലത്ത്
സ്വാർത്ഥതയ്ക്ക്
ഉത്തരവാദിത്വമെന്ന കുപ്പായമിടീച്ചു.
ഒടുവിൽ
എല്ലാം കൈയടക്കികഴിഞ്ഞ്
തിരിച്ചിറങ്ങും നേരമാണറിഞ്ഞത്
ബാല്യത്തിന്റെ ഓർമകൾ
വള്ളിനിക്കറുമിട്ട് പാടവരമ്പിലൂടെ
പട്ടം പറത്തി നടക്കുകയാണെന്ന്
അവയെ
തിരികെ വിളിക്കാൻ ശ്രമിക്കുമ്പോൾ
ചുറ്റും നിന്നവർ ഓമനപ്പേരിട്ടു
"മറവിരോഗം".

**കവിത**

# ഇഷ്ടകാലം



കുളിരാർന്ന കൈകളാലെന്നെ തലോടുന്ന
പുലരിവന്നിന്നെന്റെ മുന്നിൽ നിൽക്കേ
ഓർമ്മതൻ ജാലകപ്പാളി തുറന്നു ഞാൻ
ബാല്യത്തിൽ കോലായിലെത്തി നോക്കി
ഇറയത്തു ഞാനിറക്കീടും കടലാസു-
തോണികൾ തപ്പിതടഞ്ഞു നിൽപ്പൂ

മഴപെയ്തു തോർന്നൊരാ മാനത്തു നിന്നൊരു
മഴവില്ലിലേക്ക് നോക്കി പുഞ്ചിരിപ്പൂ
പുള്ളിച്ചിയേയും പരലിനേയും പിടി-
ച്ചൊരു ചില്ലുഭരണിയിലടച്ച നാളിൽ

QWERTY

തോട്ടം കുളവും പുഴയുമെല്ലാം മുറ്റ-
ചങ്ങാതിമാരായി തീർന്നിരുന്നു.
പുത്തനുടുപ്പിട്ട് പുള്ളിക്കുടയുമായ്
പുസ്തകഭാരവും ചുമലിലേറ്റി
മഴവെള്ളം തട്ടിതെറിപ്പിച്ചു കൊണ്ടു ഞാൻ
മഴയുടെ കൂടെ നടന്ന കാലം.
ഒരുമിച്ചിരുന്നുണ്ടും കഥ പറഞ്ഞും
ഒത്തിരിപൊട്ടിക്കരഞ്ഞ നാളിൽ
മനസ്സിന്റെ നീറലുകൾ മായ്ക്കുവാനാ-
യോടിയടുത്തൊരാ സൗഹൃദങ്ങൾ


ഹൃദയത്തിൽ പുസ്തകത്താളിലൊളിപ്പിച്ച
കൗതുക പീലി പെരുകും കാലം
മാമ്പൂവിൻ മണമുള്ള ഓർമ്മതൻ തൊടികളിൽ
അണ്ണാരക്കണ്ണനായ് പാഞ്ഞകാലം
മനസ്സിന്റെ പരിഭവപ്പോറലുകൾ മായ്ക്കുവാൻ
ഒരു മഷിത്തണ്ടു പറിച്ചകാലം

പൊന്നിലഞ്ഞിപ്പൂക്കൾ മാലയായ് കോർത്ത്
മണവാട്ടിയായി നിനച്ച കാലം
പാവക്കിടാവിനെ പാൽക്കൊടുത്തീടുവാൻ
അമ്മയെപ്പോലെ ചമഞ്ഞ കാലം
നങ്ങേലിയമ്മതന്നുണ്ണിയെ കട്ടൊരാ
ഭൂതത്തെയോർത്തു കരഞ്ഞ കാലം

QWERTY

മുത്തശ്ശിക്കഥയിലെ രാജകുമാരന്റെ
റാണിയായ് മാറിയോരോർമ കാലം

തീക്ഷ്ണതയേറുന്ന നട്ടുച്ചവെയിലുപോൽ
യൗവ്വനം കത്തിജ്വലിക്കുമ്പോഴും
അസ്തമയത്തിന്റെ അന്തിചുവപ്പുമായ്
വാർദ്ധക്യമെന്നിൽ ശയിക്കുമ്പോഴും
ഓർമ്മയാലൂഞ്ഞാലു കെട്ടി ഞാൻ വീണ്ടുമി-
ന്നാടുന്നു ബാല്യത്തിൻ തിരുമുറ്റത്ത്...



Nadhi A.S
IX B

# കർഷകൻ

പാടത്ത് ചക്രം ചവിട്ടേണം,

ചാലിട്ടുഴുതു വിതയ്ക്കേണം.

ഞാറിനു നീരു കൊടുക്കേണം,

നേരെ വളമതു ചേർക്കേണം.

കതിരു വിളഞ്ഞാൽ കൊയ്യേണം,

കറ്റയടുക്കി എടുക്കേണം.

കറ്റ കളത്തിലൊതുക്കേണം,

ഒത്തു ചവിട്ടി മെതിക്കേണം.

കൂനകൾ കൂട്ടി അളക്കേണം,

പത്തായമൊക്കെ നിറയുമ്പോൾ-

മനമാകെ നിറയുന്നു അഭിമാനം.

SHAHILA.T.P
IX A



**കവിത**

# പവിഴ മുത്ത്

സ്വപ്നച്ചിറകു വിരിച്ചു തന്നൊരാ
മഴമുകിൽ പെൺകൊടി എങ്ങുപോയ് ?
ഓരോ കുളിർകാറ്റിലും കാത്തിരിപ്പാണ്
നീ എത്തും എന്ന പ്രതീക്ഷമാത്രം
ആ കഴിഞ്ഞ കാലമത്രെ ഓർക്കും തോറും
ഹാ..... പുളകി മറിയുന്നുയെൻ രോമങ്ങൾ പോൽ
ഇന്ദ്രലോകത്തിലെ കണ്ണീരുതുള്ളിയായ് നീ
എന്നരികിൽ വന്നുചേരുമ്പോൾ,
അറിയാതെ എന്നുള്ളിൽ ആനന്ദമൊഴുകുന്നു
നിയെന്നെ വാരിപ്പുന്നരുമ്പോൾ
അമ്മയാം ഭ്രമിയുടെ ദാഹമകറ്റാൻ
നീ മാത്രം ആണ് രക്ഷകനായ്

QWERTY

വരില്ലേ നീ ഇനിയും എന്ന

പ്രാർത്ഥനയോടെ ഇരിപ്പാണ് ഞാൻ നിത്യം.

AYISHA LIYA
IX A

**ലേഖനം**

# മാതൃകാപരമായ വിദ്യാർത്ഥി




വിദ്യാർത്ഥികൾ,ഒരു രാജ്യത്തിന്റെ ഭാവി പ്രതീക്ഷയാണ്. അവരുടെ മനസ്സ് കളിമണ്ണ് പോലെയാണ്,ഏതു രൂപത്തിലേക്ക് വേണമെങ്കിലും അത് മാറ്റിയെടുക്കാം.അത് കൊണ്ട് തന്നെ അവരെ നേരായ വഴി പഠിപ്പിച്ച് വളർത്തി എടുക്കൽ വളരെ അത്യാവശ്യമാണ്.അവന്റെ സ്വഭാവം രൂപപ്പെടുന്നതിൽ അവൻ ജീവിക്കുന്ന ചുറ്റുപാടും പ്രകൃതിയും കാരണമാകുന്നു.

ഒരു വിദ്യാർത്ഥിയുടെ ഏറ്റവും അത്യാവശ്യമായ സ്വഭാവ ഗുണം,അച്ചടക്കമാണ്.അവൻ വളരെ

അച്ചടക്കത്തോടെയും ചിട്ടാനടപടികളോടെയും കൂടെ ജീവിക്കണം. അവൻ വിദ്യാർത്ഥിയായിരിക്കുമ്പോയായിരിക്കും, അവന്റെ ജീവിതത്തിലെ വ്യക്തിത്വ രൂപീകരണ സമയം.സാമാന്യബോധമില്ലാത്ത വിദ്യാർത്ഥി നൂലറ്റ പട്ടം പോലെയായിരിക്കും.അവൻ അനുസരണയുള്ളവനും അതുപോലെ തന്നെ സൂക്ഷമതയുള്ളവനുമായിരിക്കണം.അവൻ അവന്റെ മുതിർന്നവരെ ബഹുമാനിക്കുകയും വിജ്ഞാനം ആർജിക്കുകയും വേണം, എന്നാൽ അവൻ ഭാവിയിൽ ഒരു നല്ല നാട്ടുകാരനായി മാറും.ഒരു നല്ല വിദ്യാർത്ഥി നല്ല വണ്ണം പഠിപ്പിക്കണം.

അവൻ പഠിക്കുക മാത്രമല്ല മറ്റുള്ളവരെ പഠിക്കാൻ അനുവദിക്കുകയും മറ്റുള്ളവർക്ക് തന്റെ അറിവ് പകർന്ന് മറ്റുള്ളവർക്ക് തന്റെ അറിവ് പകർന്ന് കൊടുക്കുകയും വേണം.അവന്റെ വിലപ്പെട്ട സമയം അവൻ പഠിക്കാൻ ഉപയോഗപ്പെടുത്തണം. ഒരു നല്ല വിദ്യാർത്തി അവന്റെ മനസ്സിനെ പാകപ്പെടുത്താനും അറിവ് സമ്പാദിക്കാനും വേണ്ടി നല്ല പുസ്തകങ്ങൾ വായിക്കുന്ന ശീലം തുടങ്ങണം ഇന്നത്തെ വിദ്യാർത്ഥി, നാളത്തെ നമ്മുടെ രാജ്യത്തിന്റെ പൗരനാണ്.അവർ ആരോഗ്യമുള്ളവരും ശക്തരും ആവൽ വളരെ ആവശ്യകരമാണ്.ഒരു രാജ്യത്തിന്റെ പ്രശസ്തിയും അഭിമാനവും,ശക്തരായ പൗരന്മാരെ കൂടാതെ നിലനിൽക്കപ്പെടുകയില്ല.



Aysha Nasrin
X B

**ലേഖനം**

# ഇരുവഴഞ്ഞിയുടെ തീരത്ത്

“പച്ചയാം വിരിപ്പിട്ട സഹ്യനിൽ തല വെച്ച്” എന്ന കേരളത്തിന്റെ വശ്യമനോഹാരിതയെ പറ്റി പാടിയത് കാവ്യ ഭാവനയെങ്കിൽ ഇത് തികച്ചു അന്വർത്ഥമാവുക നന്മ നിറഞ്ഞ നമ്മുടെ നാടായ മുക്കത്തിന്റെ കാര്യത്തിലാവുമെന്ന് രണ്ടഭിപ്രായമില്ല. വെള്ളരിമലയിൽ നിന്നും ഉൽഭവിച്ച് ഇരുവഴിഞ്ഞി മലയോര മേഖലയായ മുക്കത്തെത്തുന്നു. പ്രകൃതിയുടെ വരദാനമായ ഇരുവഴിഞ്ഞി മുക്കത്തെ ആകർ ഷണീയമാക്കുന്നു.

മുക്കത്തിന്റെ ഹൃദയഭാഗമായ ആലിൻ ചുവട്ടിൽ മലയാളികളുടെ ഹൃദയം കവർന്ന എസ്.കെ പൊറ്റക്കാടിന്റെ ആത്മാവ് ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്.അദ്ദേഹത്തിന്റെ ഓർ മ്മക്കായി ആലിൻ ചുവട്ടിൽ അദ്ദേഹത്തിന്റെ സ്മാരകം ഇന്നും നിലനിൽക്കുന്നു.

1941 ൽ എസ്.കെ പൊറ്റക്കാട് രചിച്ച മലയാളം നോവലാണ് 'നാടൻ പ്രേമം' രചയിതാവ് ബോംബെയിൽ ആയിരുന്നപ്പോൾ എഴുതിയ ചെറിയ നോവലാണ് ഇത്.

ചാലിയാർ നദിയുടെ പ്രധാന ഉപനദിയായ ഇരുവഴിഞ്ഞിപുഴാതീരത്തുള്ള കൊച്ചുഗ്രാമമായ മുക്കത്താണ് പൂർണ്ണമായും ഈ കഥ നടക്കുന്നത്.1972 ൽ മെയ് 5 ന് ഈ നോവൽ ഇതേ പേരിൽ ചലച്ചിത്രമായെങ്കിലും നോവലിന്റെ വിജയം സിനിമയിൽ ആവർത്തിച്ചില്ല.

ഇത് കേരള കൗമുദി ദിന പത്രത്തിൽ പ്രസിദ്ധീകൃതമാവുകയും 1941 ഓഗസ്റ്റിൽ പുസ്തകമായി പുറത്തിറക്കുകയും ചെയ്തു 1972 ൽ ഇതൊരു സിനിമയാക്കി മാറ്റി. ബോംബെയിലേക്ക് പോയി നോവൽ എഴുതുന്നതിന് മുൻപ് നോവലിസ്റ്റ് കുറച്ചു നാളായി ഇരുവഴിഞ്ഞി പുഴയുടെ തീരത്ത് താമസിച്ചിരുന്നു.2005 ൽ കഥാകാരനോടുള്ള ആദരസൂചകമായി മുക്കത്ത് ഇരുവഴഞ്ഞി പുഴക്കരയിൽ അദ്ദേഹത്തിന് വേണ്ടി
ഒരു സ്മാരകം നിർമ്മിക്കപ്പെട്ടു.

വിപണത്തിലും കച്ചവടത്തിലും ആദ്യ കാലത്ത് മുക്കം മുൻപന്തിയിലായിരുന്നു.പല നാട്ടുകളും കച്ചവടാവശ്യത്തിനായും മറ്റും മുക്കത്തെ ആശ്രയിച്ചിരുന്നു 2-ാം ലോക മഹാ യുദ്ധത്തിൽ കൂടരഞ്ഞിലേക്ക് കുടിയേറിപ്പോന്ന ആളുകൾ അവരുടെ ആവശ്യങ്ങൾക്കായി മുക്കത്തെ ആശ്രയിച്ചിരുന്നു. ആദ്യ കാലങ്ങളിൽ ഇവിടെത്തെ ജനങ്ങളുടെ ഉപജീവന മാർഗം മുഖ്യമായും കൃഷിയായിരുന്നു . മുക്കം ഒരു അർധ നഗര മേഖലയാണ്. കൃഷി, ചെറുകിട വ്യവസായങ്ങൾ തുടങ്ങിയ ചില്ലറ വ്യാപാര മേഖലയെ ചുറ്റിപറ്റിയാണ് വികസിക്കുന്നത്.മറ്റ് മലബാർ പ്രദേശങ്ങൾ പോലെ ജനസംഖ്യയിൽ വലിയൊരു ഭാഗം മധ്യപൂർവ ദേശങ്ങളിൽ പ്രവർത്തിക്കുന്നു.

അവരുടെ പണമിടപാടുകൾ പ്രാദേശിക സമ്പത് വ്യവസ്ഥയിൽ ശക്തമായ സ്വാധീനം ചെലുത്തുന്നു.സമ്പത് വ്യവസ്ഥയിൽ കൃഷിയുടെ ചരിത്രപരമായ പ്രാധാന്യമാണ് ഇത് വ്യക്തമാക്കുന്നത്.മുക്കം പ്രദേശത്തെ ഏറ്റവും വിലപിടിപ്പുള്ള കാർഷിക ഉൽപ്പന്നങ്ങൾ - കന്നുകാലികൾ, കടലാസ്,തേങ്ങ, റബ്ബർ, വാഴ എന്നിവയാണ് . പഴങ്ങളും സുഗന്ധ വ്യഞ്ജനങ്ങളും കയറ്റുമതി ചെയ്യുന്ന കൃഷിയും അനുബന്ധ വ്യവസായങ്ങളും ഈ മേഖലയിൽ ഗണ്യമായ സാമ്പത്തിക സ്വാധീനം ചെലുത്തുന്നു.ഈ പ്രദേശത്തെ നന്നായി വളരുന്ന സുഗന്ധ ദ്രവ്യങ്ങളും കറുത്ത കുരുമുളക്, വാനില, ജാതിക്ക, ഇഞ്ചി,കൊക്കോ, മഞ്ഞൾ എന്നിവയാണ്.പുതിയതും ഉയർന്ന നിലവാരമുള്ളതുമായ സുഗന്ധ ദ്രവ്യങ്ങൾ കയറ്റുമതി ചെയ്യുന്നു.

## മുക്കം മുസ്ലിം ഓർഫനേജ്

1956 ൽ സ്ഥാപിച്ച വിദ്യഭ്യാസ സ്ഥാപനമാണ് മുക്കം മുസ്ലിം ഓർഫനേജ്.ഇപ്പോൾ MMO മാനേജ്മെന്റിന് കീഴിൽ 28 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.1982 ലും2008 ലും കേന്ദ്ര ഗവൺ മെന്റിന്റെ ശിശു ക്ഷേമത്തിനുള്ള നാഷണൽ അവാർഡ് നേടുകയുണ്ടായി.

ഇരുവഴിഞ്ഞിയെ ചുറ്റിപറ്റിയുള്ള ഈ ചെറു നഗരം ഇന്നും പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ഇന്ന്, ഏകദേശം 1200 അന പരിപാലനത്തിനു വേണ്ടിയുള്ള ബഹുമതി 1950 കളിൽ മുത്തച്ഛനായ മോയിൻ ഹാജി അധ്യക്ഷനായ ഒരു കുടുംബത്തിൽ പോകുന്നു (വയൽ കുടുംബത്തിൽ ) മോയിൻ ഹാജിയും അദ്ദേഹത്തിന്റെ സഹോദരന്മാരും അവരുടെ മക്കളും തമ്മിൽ

16000 ഏക്കർ സ്ഥലം തേക്ക് മരങ്ങൾ വളർന്ന് പശ്ചിമ ഘട്ടത്തിലെ വനത്തിലെ വനങ്ങളിൽ നിന്നും പിടിച്ചിരുന്ന വിളവിടിപ്പുള്ള മരവും ആനകളും ട്രേഡ് ചെയ്തു.

വയലിൽ കുടുമ്പത്തിന്റെ ജീവ കാരുണ്യം ചരിത്രത്തിൽ ഐഹിഹസികമായിരുന്ന അവരുടെ ഉടമസ്ഥയിലുള്ള വലിയ ഭ്രുവിഭാഗങ്ങൾ ചെറിയ ഗ്രാമത്തിനകത്തെ പള്ളികൾ, ഗ്രാമങ്ങൾ, ക്ഷേത്രങ്ങൾ, ചർച്ചുകൾ, സ്കൂളുകൾ, ആശ്രുപത്രികൾ എന്നിവയുടെ ദശാബ്ദങ്ങളിൽ സംഭാവന ചെയ്തു അങ്ങനെ അവർ എല്ലാവരുടേയും സ്നേഹവും ബഹുമാനവും നേടി. ഈ പ്രദേശത്തു ഹിന്ദുക്കളും മുസ്ലിംകളും കാണുന്ന ശക്തമായബന്ധങ്ങളുടെ ബലത്തിലാണ് ഇത് വ്യക്തമാകുന്നത്.ഇത് 'ഇരുവഴഞ്ഞി പുഴ എന്ന ഗ്രമം ' നോവലിസ്റ്റായ എസ്.യു പട്ടക്കാട് അനശ്വരമാക്കി.

1956 കാലഘട്ടത്തിൽ ദരിദ്രരായ അനാഥരായ കുട്ടികളെ പഠിപ്പിക്കാനും പരിശീലനം നൽകാനും അനാഥാലയം സ്ഥാപിക്കാണം എന്ന് മോയിൻ ഹാജി ചിന്തിച്ചു.അങ്ങനെ 1982 നും2008 നും ഇടക്കുള്ള മൂന്ന് ദശാബ്ദത്തിനുള്ളിൽ രണ്ട് തവണ ഇന്ത്യ ഗവണ്മെന്റ് നാഷണൽ ശിശു ക്ഷേമ പുരസ്കാരം നേടി,മുക്കം മുസ്ലിം ഓർഫനേജ് ജനിച്ചു.

ചാരുതയുടെ ആത്മാവ് ഇന്നും ഇപ്പോഴും MMO മാനേജ്മെന്റ് ചെയ്യുന്ന കുടുംബത്തിൽ പ്രവർത്തിക്കുന്നു.വർഷങ്ങളായി വിശാലമായ സാമഗ്രികളുമായി പ്രശസ്തി ആർജിച്ച ഒരു സ്ഥാപനമായി മുക്കം മുസ്ലിം ഓർഫനേജ്

മാറിയിരിക്കുന്നു.മുക്കതിന്റെ ചുറ്റുവട്ടതുള്ള ഹിന്ദുക്കളും മുസ്ലിമുകളും ക്രിസ്ത്യാനികളും ആയിട്ടാണ് കുടുംബം ഓരോരുത്തരെയും ആകർഷിച്ചത്.

മുക്കം എന്ന് കേൾക്കുമ്പോൾ തന്നെ പലരുടേയും മനസ്സിൽ മിന്നി മറയുന്നത് കാഞ്ചന യുടേയും മൊയ്ദീന്റെയും മുഖങ്ങൾ ആണ്.

എന്ന് നിന്റെ മൊയ്തീൻ എന്ന സിനിമയിൽ ഉടനീളം നിറഞ്ഞു നിൽക്കുന്നത് കാഞ്ചന-മൊയ്ദീൻ പ്രണയം പറഞ്ഞിരിക്കിന്ന പരിശുദ്ധ പ്രണയത്തിന്റെ പ്രതീകം ഇരു വഴിഞ്ഞി പുഴയുടെ കുഞ്ഞോളങ്ങളിൽ പൊലിഞ്ഞു പോയ തന്റെ കൂട്ടുകാരന്റെ ഓർമകളുമായി തന്റെ സാമൂഹ്യ സേവനം ജീവിതത്തിന്റെ ഭാഗമാക്കിയ മുക്കതിന്റെ സ്വന്തം കാഞ്ചനേടത്തി തന്റെ ശിഷ്ട ജീവിതം മൊയ്തീന്റെ വിധവ എന്ന് അറിയപ്പെടാൻ ആഗ്രഹിച്ചു.

മൊയ്ദീൻ പാവപ്പെട്ടവരുടെ ആവശ്യത്തിന് വേണ്ടി പ്രയത്നിക്കുന്ന ആളായിരുന്നു. നേതാജിയുടെ വലിയ ഭക്തൻ ആയിരുന്നു അദ്ദേഹം നേതാജിയുടെ മരണം വിശ്വസിക്കാത്തവരിൽ ഒരാളായിരുന്നു മൊയ്ദീൻ. അതുല്ലാം ഇപ്പോൾ സത്യമാവുന്നു.

മൊയ്ദീൻ ഒരു കലാകാരനും, രാഷ്ട്രീയകാരനും, സ്പോട്സ്മാനും, സർവോപരി നല്ല മനുഷ്യനുമായിരുന്നു. കേരളത്തിൽ ആദ്യമായിട്ടൊരു സ്പോർട്സ് മാഗസിൻ ഇറക്കിയത് മൊയ്ദീൻ ആണ്.മാഗസിന്റെ പേര് 'ഹെറാൾഡ്

'.മൊയ്ദീൻ നാടകങ്ങളിലും അതിനപ്പുറവുംമുള്ള പ്രവർത്തനങ്ങളിൽ സജീവമായിരുന്നു.
നാടകവും നൃത്തവും ഗാനമേളവും നടത്തുന്നതിൽ കമ്പമുള്ള മൊയ്ദീൻ നാട്ടിൽ 1959 ൽ കേരള കല മന്ദിർ എന്നൊരു ക്ലബ് തുടങ്ങുകയുണ്ടായി.അടിയന്തിരാവസ്ഥ കാലത്ത് കൊല്ലപ്പെട്ട രാജന്റെ ദുരന്തം പ്രമേയമാക്കി ആദ്യം 1977 ൽ സിനിമ എടുത്തത് മൊയ്ദീൻ ആണ്. 'നിഴലെ നീ സാക്ഷി ' എന്നായിരുന്നു സിനിമയുടെ പേര് സേവനം എന്നാ ലക്ഷ്യത്തോടെ തുടുങ്ങുന്നതായിരുന്നു ഇവരുടെ ജീവിതം.പ്രണയം സത്യമാണ്,പ്രപഞ്ചം സത്യമാണ്,എന്ന് തെളിയിച്ചവരായിരുന്നു ഇവർ. തോരാ മഴയിൽ കുളിച്ചിറങ്ങിയ എല്ലാവരുടെയും മനസ്സുകളിൽ കഞ്ചനേടത്തിയുടെ ജീവിതം ഒരു കുളിർ മഴയായി പെയ്തിറങ്ങുന്നു.

പാർശ്വ വൽക്കരിക്കപ്പെട്ട് പോകുന്ന നിരാലംബർക്ക് ഒരു കൈത്താങ്ങായി പുഞ്ചിരിയോടെ സജീവമായി എല്ലാവർക്കുമൊപ്പമുണ്ട് എന്നത് അവരെ എല്ലാവരുടെയും പ്രിയങ്കരരാവുന്നു.

മുക്കത്തിന്റെ ചരിത്രം ഇന്നോ നാളെയോ തീരുന്നതല്ല. അത് എന്നേക്കുമായി നിലനിൽക്കട്ടെ.
1982 ലും 2008 ലും ഇന്ത്യയിലെ ഏറ്റവും മികച്ച അനാഥാലയത്തിനുള്ള ദേശിയ അവാർഡ് മുക്കം അനാഥാലയം രാജ്യത്തുടനീളം വ്യത്യസ്ത മതവിഭാഗങ്ങൾ നടത്തുന്ന വിവിധ സ്ഥാപനങ്ങളുടെ സംഭാവനയും അന്തേവാസികളുടെ പുനരതി വാസവും കണക്കിലെടുത്ത് ഈ അവാർഡ് ലഭിക്കുകയുണ്ടായി.

2009 ൽ ജനാബു കമ്മയുടെ ഓർമ്മക്കായി കോഴിക്കോട് മുഹമ്മദൻ എഡ്യൂക്കേഷൻ അസോസിയേഷൻ ഫൌണ്ടേഷൻ അവാർഡ് നൽകുന്നു. 2009 ൽ സൊസൈറ്റിക്ക് കൂടുതൽ സംഭാവന നൽകിയ ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന് ഈ അവാർഡ് മുക്കം മുസ്‌ലിം അനാഥാലയത്തിലൂടെ ആണ് നേടിയത്.

2011 ൽ അഖിലേന്ത്യ റാങ്കിലെ 226-ാം സ്ഥാനത്തെത്തി സിവിൽ സർവീസ് പരീക്ഷയിൽ MMO ന് കീഴിലെ മുഹമ്മദ് അലി ശിഹാബ് വിജയിച്ചിട്ടുണ്ട്.

# द्वीप

पूरी दुनिया में अंधेरा था
हम इंसान, क्यों रोते हैं
अपने निर्माता में समझा
आगे अच्छा लग रहा है

रात के बाद दिन?
जीवन उज्ज्वल है
तुम्हारे भीतर अंधेरे की गंध
खुशबू को हल्का और हल्का कर दें

अच्छा होगा अगर आप
यह दुनिया अच्छे के लिए है
अगर अंधेरा तुम्हारा मन है
यही संसार है

आयशा लीया
IX A

# माँ

माँ ... माँ ... माँ ..
माँ हमारा प्यार है
माँ सबसे अच्छी है
माँ हमारी न्यारी है

माँ हमारा जीवन है
अगर माँ वहाँ नहीं है तो हम वहाँ नहीं जाएँगे
माँ हमारी परछाई है
माँ हमारा गौरव है

माँ ने हमें ज्ञान दिया
माँ हमारी पहली शिक्षिका हैं
माँ ने हमें खुशी दी
माँ हमारी मदद करो

माँ बहुत प्यार है
माँ बेहतरीन हैं

शाहिला टि.पि
IX A

# तारे

ये तारे,
ये लघु - लघु तारे
वह आनंत आकाश
की चोटा तारे
वहां तुम कैसे रहती हूं.

दिन - दिन तुमने
दिखने के लिये
में िंतजार करता हूं.

तुमहारा दुरबल
जयोती के लिये
हमारा दुनिया को
शोबा करता.

QWERTY

मेरे पयारी तारे

तुम कितना सुनदर है.

AYISHA LIYA



# मॆरा पयार

मेरा प्यार
मेरा पहला प्यार
मेरा इकलौता

कोई भी नहीं है
उसकी तरह पृथ्वी में
वह मेरी देखभाल करती है

हर अच्छे और बुरे में
वह हर समय वहाँ थी
मेरा इकलौता प्यार

मैं उसे धोखा नहीं दे सकता
वह बहुत कुछ है
मेरा इकलौता प्यार
मेरी माँ

आयिशा लिया

IX A

مَنْظَرُ السهل جَمِيلُ.فيه اَثْمَارُ مُثْمِرَة
وَ عَلِيَ الأْشْجَارِ مُثْمِرَة نَاضِج
السهل مُلَوَّن بِـلأَزْهَارِ الْجَمِيلة
تَطيرُ الطُّيُورُ خَلأَلَ الاَشْجَارِ الْمُثْمِرة
. تُعَشِّشُ الطُّيُور فَوْقَ الْخِيزْرَانْ وَشَجَرَةُ الْفَنَسْ
وَفِيهِ جَدَاوِلٌ جَارِيَة.مَا ؤُهَا صَافِي.مَا اجْمَلَ هَذَا السهل

نهالة تبسم
الصف التاسع

# يا غفلان!!!

ذات يوم اشتري ولد من المكتبة قلما و دفترا و دفع الثمن الى التاجر.لما ار اد الرجوع دعا التاجروساله هل اخذت نظارتي؟فضحك الولدوقال:لايا سيدي ما اخذتها.فغضب صاحب المكتبة وادعى ان الولداخذهالانه يضحك.فقال الولد:يا سيدي انظر فى درج الطاولة.فاجاب التاجر نظرت في كل مكان لكن مارايتها.فقال الولد ضاحكا وهي على وجهك يا سيدي.فضحك صاحب المكتبةومن حوله

# الاَسْئِلَة

مَاذَا اَجَابَتْ الأُمُّ؟

مَا ذَا قَالَ رَيّْان في نَفْسِهِ؟

مَنْ جَاءَ الِيَ رَيّْان؟

مَاذأ اَخْبَرَ الرّْجُلُ لِرَيّْان؟

مَاذَا اَعْطيَ الجَار ريَان؟

FATHIMA ANSHI
IX A



# اردو

اردو ایک پیاری زبان ہے
اردو مخلوط زبان ہے
انسان اردو کو پسند کرتے ہیں
یہ ایک سادہ زبان ہے

اردو میں بہت نظمیں ہیں
اور کہانیاں ہیں
اردو میں مشہور غزل ہے
یہ بہت میٹھا ہے

ہندوستان کی ثقافت میں
اردو ایک قیمتی جوہر ہے
ہندوستانیوں کے لئے
اردو بہت عمدہ ہے

محبت - محبت اردو زبان
میٹھی میٹھی اردو زبان
اچھی - اچھی اردو زبان



فاطمہ فیڈا۔ اے ایم

# میرااستاد

میرااستاد
حقیقت کا میرا پہلا قدم
جب میں ایک صفر تھا
اس نے مجھے ہیرو بنایا
میرے تمام نیچے
اس نے مجھے قضاء کیا
وہ ، میرے دوسرے والدین
فرشتہ تعلیم کے ،



# HIGH SCHOOL OPPANA
# JILLA A GRADE




# UP OPPANA JILLA 2nd WITH A GRADE





By JUNIYA FATHIMA




# GARMENT MAKING STATE A GRADE- NIDHA FAYISA






SHAHANA FATHIMA





SHAHANA FATHIMA









# USS WINNERS

# നന്ദി

ഞങ്ങളുടെ ഈ ഡിജിറ്റൽ മാഗസിൻ
നിങ്ങൾക്കെല്ലാവർക്കും ഇഷ്ടപ്പെട്ടു
കാണുമെന്ന് ഞങ്ങൾ കരുതുന്നു.
ഇതിൽ എന്തെങ്കിലും തെറ്റുകൾ
സംഭവിച്ചിട്ടുണ്ടെങ്കിൽ ക്ഷമിക്കുക.

-----------------------------------